# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3408** **25.06.2012** - ൽ മറുപടിക്ക്

## ഭവന നിർമ്മാണ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. കെ.എം. മാണി<br>(ധനകാര്യം നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഭവന നിർമ്മാണ വകുപ്പിന്റെ സ്ഥലം സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) സ്വകാര്യ വ്യക്തികൾക്ക് ഭവന നിർമ്മാണ വകുപ്പിന്റെ സ്ഥലം പതിച്ചുനൽകുവാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) പി.പി.പി. അടിസ്ഥാനത്തിൽ ഭവന നിർമ്മാണ വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം പി.പി.പി. അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൊച്ചിയിൽ മറൈൻഡ്രൈവിൽ ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള 17.90 ഏക്കർ ഭൂമിയിൽ സംയുക്ത സംരംഭ പങ്കാളിത്ത വ്യവസ്ഥയിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപീകരിച്ച് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) പുതിയതായി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള പദ്ധതി നിലവിൽ വകുപ്പിന്റെ മുന്നിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുള്ള, സംസ്ഥാനത്തെ ചെറിയ ടൗണുകളിലും, ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിന് വേണ്ടിയുള്ള സായൂജ്യം എന്ന പദ്ധതി, ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം നടപ്പിലാക്കുന്ന കാര്യം ഭവന വകുപ്പിന്റെ മുന്നിലുണ്ട്. എന്നാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് പുതുതായി സ്ഥലങ്ങൾ കണ്ടെത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ